**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 452** **24-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് രണ്ടു മാസത്തിലേറെയായി വേതനം ലഭിക്കാത്ത സാഹചര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഈ സാഹചര്യം സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. സംസ്ഥാനത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ (19.03.2025) വേതന ഇനത്തിൽ 546.67 കോടി രൂപ കുടിശ്ശികയുണ്ട്. 2023-24 വർഷത്തിൽ 10.5 കോടി തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്ന സാഹചര്യത്തിൽ നിന്നും മാറി, 2024-25 വർഷത്തേയ്ക്ക് 10.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റ് പ്രൊപ്പോസൽ സംസ്ഥാനം സമർപ്പിച്ചിട്ടും 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നത്. നിലവിൽ (19.03.2025) 8.57 കോടി തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാർ പുതുക്കി നൽകിയിട്ടില്ല. ഡിമാന്റിന് അനുസൃതമായി തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടായിട്ടും ഓരോ ഘട്ടത്തിലും ലേബർ ബഡ്ജറ്റ് പുതുക്കി നൽകാൻ അപേക്ഷ നൽകിയിട്ടും കേന്ദ്രസർക്കാരിൽ നിന്നും നടപടി ഉണ്ടാകാത്തതാണ് കുടിശ്ശികയ്ക്ക് കാരണം. 2025-26 വർഷത്തേയ്ക്ക് 11 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടും 5 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ജോലിക്കെത്തിയ തൊഴിലാളികളുടെ മസ്റ്ററിങ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ 15 ദിവസം കൊണ്ട് ലഭിക്കുമായിരുന്ന വേതനം ഇപ്പോൾ വൈകാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (ബി) | ഈ സാഹചര്യം സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. സംസ്ഥാനത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ (19.03.2025) വേതന ഇനത്തിൽ 546.67 കോടി രൂപ കുടിശ്ശികയുണ്ട്. 2023-24 വർഷത്തിൽ 10.5 കോടി തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ നിന്നും മാറി, 2024-25 വർഷത്തേയ്ക്ക് 10.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റ് പ്രൊപ്പോസൽ സംസ്ഥാനം സമർപ്പിച്ചിട്ടും 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നത്. നിലവിൽ (19.03.2025) 8.57 കോടി തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാർ പുതുക്കി നൽകിയിട്ടില്ല. ഡിമാന്റിന് അനുസൃതമായി തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടായിട്ടും ഓരോ ഘട്ടത്തിലും ലേബർ ബഡ്ജറ്റ് പുതുക്കി നൽകാൻ അപേക്ഷ നൽകിയിട്ടും കേന്ദ്രസർക്കാരിൽ നിന്നും നടപടി ഉണ്ടാകാത്തതാണ് കുടിശ്ശികയ്ക്ക് കാരണം. 2025-26 വർഷത്തേയ്ക്ക് 11 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടും 5 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. |
| (സി) | തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കുടിശികയുൾപ്പെടെ നൽകി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ വേതനം DBT (Direct Beneficiary Transfer) സംവിധാനം മുഖേന, കേന്ദ്ര സർക്കാർ നേരിട്ടാണ് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത്. കുടിശ്ശിക ഉൾപ്പെടെ വേതന വിതരണം നടത്തി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ കേന്ദ്രസർക്കാരുമായി നിരന്തരം ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന മിഷൻ ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിക്കു നൽകിയ കത്തുകൾക്ക് പുറമെ മന്ത്രി തലത്തിലും ബഹു.കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 07.03.2025 ൽ ഡൽഹിയിൽ വച്ച് നടന്ന എംപവേർഡ് കമ്മിറ്റിയിലും വിഷയം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ